# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1720 | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|

**തെരുവോരങ്ങളിലെ ശൗചാലയങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) | മുനിസിപ്പാലിറ്റിയിലെയും പഞ്ചായത്ത് കേന്ദ്രങ്ങളിലെയും നഗരപ്രദേശങ്ങളിലെയും തെരുവോരങ്ങളിൽ പണം ഈടാക്കിയും അല്ലാതെയും ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ പണി കഴിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ സൗജന്യമായി ഉപയോഗിക്കാവുന്ന എത്ര പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | 868 പൊതു ശൗചാലയസീറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ 31 നഗരസഭകളിൽ ആരംഭിച്ചിട്ടുണ്ട്. 342 പൊതു ശൗചാലയങ്ങൾ ഗ്രാമപഞ്ചായത്തുകൾ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. |
| (സി) | നിലവിലുണ്ടായിരുന്ന പൊതു ശൗചാലയങ്ങളിൽ എത്ര എണ്ണം പുനരുദ്ധരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബോധപൂർവ്വമായ അലംഭാവം കാട്ടുന്നതിനുള്ള കാരണം അറിയിക്കുമോ; | (സി) | പൊതു ശൗചാലയങ്ങൾ പുനരുദ്ധാരണം നടത്തേണ്ടത് നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ഫണ്ട് ഉപയോഗിച്ചാണ്. പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന പൊതുശൗചാലയങ്ങളിൽ 327 എണ്ണം അതായത് പഞ്ചായത്തുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. നഗരസഭകളിൽ നിന്നുള്ള വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. പൊതു ശൗചാലയങ്ങൾ പുനരുദ്ധാരണം നടത്തുന്നതിൽ ബോധപൂർവ്വമായ അലംഭാവം കാട്ടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല |
| (ഡി) | ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിച്ച് വരുന്ന കാര്യത്തിൽ അയൽ സംസ്ഥാനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാതൃക പിന്തുടരുവാൻ തയ്യാറാകുമോ? | (ഡി) | സർക്കാർ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റോപ്പുകൾ പാതയോരങ്ങൾ തുടങ്ങിയ ഇടങ്ങളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുവാനും വൃത്തിയായി പരിപാലിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കുന്നുണ്ട്. കേരളത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ചാൽ ഇക്കാര്യത്തിൽ ഒരു പൊതു മാതൃക പിന്തുടരുവാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ